# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 460 | 29.01.2019 - ൽ മറുപടിക്ക് |
|---|---|

## ജി.എസ്.ടി. രജിസ്ട്രേഷൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അനിൽ അക്കര : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | നാൽപത് ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള വ്യാപാരികളെ ജി.എസ്.ടി. രജിസ്ട്രേഷനിൽ നിന്നും ഒഴിവാക്കുവാൻ ജി.എസ്.ടി. കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ; | (എ) | 10.01.2019 തീയതിയിലെ 32-ാമത് ജി.എസ്.ടി കൗൺസിലിന്റെ യോഗതീരുമാനപ്രകാരം വ്യാപാരികൾക്ക് നിർബന്ധമായും രജിസ്ട്രേഷൻ എടുക്കേണ്ട വിറ്റുവരവിന്റെ പരിധി 40 ലക്ഷം രൂപയാക്കുവാൻ കൗൺസിൽ ശുപാർശ ചെയ്തിട്ടുണ്ട്. ടി വിഷയത്തിൽ ജി.എസ്.ടി കൗൺസിലിന്റെ അന്തിമ തീരുമാനം ലഭ്യമാകേണ്ടതുണ്ട്. |
| (ബി) | സംസ്ഥാനത്ത് എത്ര വ്യാപാരികൾക്കാണ് പ്രസ്തുത തീരുമാനത്തിന്റെ ആനുകൂല്യം ലഭിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | ടി പരിധി 40 ലക്ഷമാക്കിയാൽ സംസ്ഥാനത്ത് 1,99,802 വ്യാപാരികൾ നിർബന്ധമായും രജിസ്ട്രേഷൻ എടുക്കാൻ ബാധ്യത ഉള്ള വിഭാഗത്തിൽ നിന്നും പുറത്താകുന്നതാണ്. |
| (സി) | ഇതുമൂലം സംസ്ഥാനത്തിന്റേ നികുതി വരുമാനത്തിൽ എന്തെങ്കിലും കുറവ് ഉണ്ടാകുമോ; വിശദമാക്കുമോ? | (സി) | ടി പരിധി 40 ലക്ഷമാക്കിയാൽ സംസ്ഥാനത്ത് ഏകദേശം 307 കോടി രൂപയുടെ വരുമാന നഷ്ടമാണ് ഉണ്ടാകുന്നത്. |

**സെക്ഷൻ ഓഫീസർ**